പതിമുന്നാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1997**      **22.03.2012 -ൽ മറുപടിയ്ക്ക്**

**ചെക്ക് പോസ്റ്റുകളിൽ നികുതി വെട്ടിപ്പ് തടയുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ചന്ദ്രൻ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | വാളയാർ ചെക്ക് പോസ്റ്റിൽ നിന്നും 2011-12 വർഷത്തിൽ ഇതുവരെ എത്ര കോടിരൂപയാണ് വിൽപന നികുതിയിനത്തിൽ ലഭിച്ചിട്ടുള്ളത് ; | (എ) | വാളയാർ ചെക്ക്പോസ്റ്റിൽ നിന്നും 2011-12 വർഷത്തിൽ 29.2.2012 വരെ 23.4 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഈ തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി മാത്രം പിരിച്ചെടുത്തതാണ്. |
| (ബി) | 2010-11 വർഷത്തിൽ ഇത് എത്ര കോടി രൂപയായിരുന്നു ; | (ബി) | 50.67 കോടി രൂപയായിരുന്നു. ഈ തുക സെക്യൂരിറ്റി ഡെപ്പോസിറ്റ്, അഡ്വാൻസ് ടാക്സ് എന്നീ വകയിലുള്ളതാണ്. |
| (സി) | ചെക്ക് പോസ്റ്റുകളിൽ നികുതി വെട്ടിപ്പ് തടയുന്നതിന് എന്തെല്ലാം നടപടികളാണ് പുതുതായി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (സി) | നികുതി വെട്ടിപ്പ് തടയുന്നതിനായി ചെക്ക് പോസ്റ്റുകളിൽ നിരവധി നവീകരണ പ്രവർത്തനങ്ങൾ ചെയ്യുന്നതിനു പദ്ധതിയിട്ടിട്ടുണ്ട്. ചരക്കുകൾ ചെക്ക്പോസ്റ്റിലേക്ക് എത്തുന്നതിനു മുമ്പുതന്നെ വ്യാപാരി സമർപ്പിക്കുന്ന രേഖകളിലെ വിവരങ്ങൾ ശേഖരിക്കാനും ഇതിനെ ചരക്കു വാങ്ങുന്ന വ്യാപാരിയുടെ വിവരങ്ങളുമായി ബന്ധിപ്പിക്കാനും വിവിധ ചെക്ക്പോസ്റ്റുകൾ വഴിയുള്ള ചരക്കു നീക്കം സംബന്ധിച്ച കാര്യങ്ങൾ പരസ്പരം പരിശോധിക്കാനും കഴിയുന്ന തരത്തിൽ കാര്യക്ഷമമായുള്ള ഒരു സംയോജിത ചെക്ക്പോസ്റ്റ് ഡാറ്റാ മാനേജ്മെന്റ് സിസ്റ്റം സ്ഥാപിച്ചു. ഒരു ഡീലറുടെ TIN ദുരുപയോഗം ചെയ്ത് മറ്റുള്ളവർ ചരക്ക് കടത്തി കൊണ്ടുവരുന്നത് ഒഴിവാക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ അതിർത്തി |

(..........2)

ചെക്ക്പോസ്റ്റിലൂടെ സംസ്ഥാനത്തിലേക്ക് കടന്നുവരികയും പോവുകയും ചെയ്യുന്ന ചരക്കുകളുടെ തത്സമയ സഞ്ചാരപഥം TIN/PIN ഡീലർമാരുടെ മൊബൈൽ ഫോണിൽ Alert Message sms ആയി ലഭിക്കുന്ന വിധത്തിലുള്ള സംവിധാനം ഏർപ്പെടുത്തി.

വാണിജ്യ നികുതി, മോട്ടോർ വാഹനം, എക്സൈസ്, മൃഗസംരക്ഷണം തുടങ്ങിയ വകുപ്പുകളിലെ പരിശോധനാ സംഘങ്ങൾക്കെല്ലാം അവരുടെ ആവശ്യമനുസരിച്ച് സംസ്ഥാനത്തിനകത്തേക്ക് വരുന്ന ചരക്കുവാഹനങ്ങൾ സംയുക്തമായി പരിശോധിക്കുന്ന സമ്പ്രദായം പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽ നടപ്പിലാക്കുവാൻ പദ്ധതിയിട്ടിട്ടുണ്ട്. പരിശോധനയിലെ കാലതാമസം, ഗതാഗതകുരുക്ക് എന്നിവ ഒഴിവാക്കുകയും പരിശോധന കാര്യക്ഷമമാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സംയോജിത ചെക്ക്പോസ്റ്റ് നടപ്പിലാക്കുന്നത്. ഇത്തരത്തിലുള്ള ഒരു സംയോജിത ചെക്ക്പോസ്റ്റ് അമരവിളയിൽ നടപ്പിലാക്കി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

(signature)

സെക്ഷൻ ഓഫീസർ